# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ജനുവരി 20, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I അടിയന്തരപ്രമേയം

സി. ആന്റ് എ.ജി. ഓഡിറ്റ് റിപ്പോർട്ട്

മി. സ്പീക്കർ: കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ (കിഫ്ബി) 2018-19 സാമ്പത്തിക വർഷത്തിൽ നടത്തിയ മസാല ബോണ്ടുകൾ വിറ്റഴിച്ചതുൾപ്പെടെയുള്ള കടമെടുപ്പ് ഓഫ് ബജറ്റ് കടമെടുപ്പാണെന്നും ഇത് ഭരണഘടനയുടെ 293-ാം വകുപ്പിൽ നിശ്ചയിച്ച പരിധികളെ ബൈപ്പാസ് ചെയ്യുന്നതും ഷെഡ്യൂൾ 7-ലെ പട്ടിക ഒന്നിലെ 37-ാം എൻട്രിയുടെ വ്യവസ്ഥകൾ ലംഘിക്കുന്നതും അതുവഴി ഭരണഘടനയുടെ ലംഘനമാണെന്നുമുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ നിരീക്ഷണം ഉണ്ടാക്കിയിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സംസ്ഥാന ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2019-ലെ കിഫ്ബി സംബന്ധിച്ച പരാമർശങ്ങൾ ഗുരുതര അടിയന്തര സാഹചര്യം സൃഷ്ടിച്ചിരിക്കുന്നുവെന്ന വാദം അടിസ്ഥാനരഹിതമാണ്. മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ചട്ടവിരുദ്ധമായ നടപടിക്രമങ്ങളിലൂടെയാണ് സി.&എ.ജി. ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. കിഫ്ബിയുടെ നിയമസാധുത സംബന്ധിച്ച് സി.&എ.ജി. എത്തിച്ചേർന്നിരിക്കുന്ന നിഗമനങ്ങളെക്കുറിച്ചുള്ള പ്രതിപക്ഷത്തിന്റെ അഭിപ്രായം അറിയുന്നതിന് സർക്കാരിന് താൽപ്പര്യമുള്ളതിനാൽ ഈ വിഷയം ചർച്ച ചെയ്യാവുന്നതാണ്.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## II ശ്രദ്ധ ക്ഷണിക്കൽ

### (1) കേന്ദ്രാന്വേഷണ ഏജൻസികൾ സർക്കാർ ഉദ്യോഗസ്ഥരെ പീഡിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. വി. ജോയി: കേന്ദ്രാന്വേഷണ ഏജൻസികൾ നടത്തിവരുന്ന അന്വേഷണങ്ങളെക്കുറിച്ച് വ്യാപകമായ പരാതികളാണ് ഉയർന്നുവരുന്നത്.

സംസ്ഥാന അസിസ്റ്റന്റ് പ്രോട്ടാക്കോൾ ഓഫീസറെ ഭീഷണിപ്പെടുത്തുകയും അപമര്യാദയായി പെരുമാറുകയും ചെയ്ത കസ്റ്റംസ് അധികൃതരുടെ സമീപനം അപലപനീയമാണ്. രാഷ്ട്രീയലക്ഷ്യത്തോടെ ഇത്തരം ഏജൻസികൾ അന്വേഷണത്തിന്റെ പേരിൽ സംസ്ഥാന സർക്കാരുദ്യോഗസ്ഥരെ മാനസികമായി പീഡിപ്പിക്കുന്ന സംഭവങ്ങളിൽ അടിയന്തര ഇടപെടലുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാന അസിസ്റ്റന്റ് പ്രോട്ടോക്കോൾ ഓഫീസർക്ക് സമൻസ് ലഭിച്ചതിനെത്തുടർന്ന് എറണാകുളം കസ്റ്റംസ് പ്രിവന്റീവ് ഓഫീസിൽ ഹാജരാകുകയും ഭീഷണിപ്പെടുത്തി കാര്യങ്ങൾ പറയാൻ നിർബന്ധിക്കുകയും അതിന് തയ്യാറായില്ലെങ്കിൽ ഭവിഷ്യത്തുകൾ നേരിടേണ്ടിവരുമെന്ന് മുന്നറിയിപ്പ് നൽകിയതായും ചീഫ് സെക്രട്ടറിക്ക് റിപ്പോർട്ട് ലഭിച്ചു. അപമര്യാദയായി പെരുമാറിയ കസ്റ്റംസ് ഉദ്യോഗസ്ഥന്റെ പേരുൾപ്പെടുത്തിക്കൊണ്ടുള്ള കത്ത് കേന്ദ്ര ധനകാര്യ സെക്രട്ടറിക്ക് അയച്ചിട്ടുണ്ട്. സംഭവത്തിൽ നിഷ്പക്ഷവും സമയബന്ധിതവുമായ അന്വേഷണം നടത്തണമെന്നും കസ്റ്റംസ് ഉദ്യോഗസ്ഥരുടെ അനുചിതവും ക്രമരഹിതവുമായ പെരുമാറ്റം ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## (2) കുടിവെള്ളക്ഷാമം

ശ്രീമതി ഷാനിമോൾ ഉസ്മാൻ: അരൂർ നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം അടിയന്തരമായി പരിഹരിക്കുന്നതിനും ചേർത്തലയിൽ പ്രവർത്തിക്കുന്ന സബ് ഡിവിഷൻ സെക്ഷൻ ഓഫീസ് കാര്യാലയം കുത്തിയതോട് ജലസംഭരണിയോട് ചേർന്ന് പ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ചേർത്തല മുനിസിപ്പാലിറ്റിയിലും അരൂർ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലും ജപ്പാൻ കുടിവെള്ള വിതരണ പദ്ധതിയിൽനിന്നാണ് ശുദ്ധജലവിതരണം നടത്തുന്നത്. റാ-വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈനിലുണ്ടാകുന്ന പൊട്ടലിന് ശാശ്വത പരിഹാരമെന്ന നിലയിൽ 3.9 കി.മീറ്റർ ജി.ആർ.പി. പൈപ്പുകൾ മാറ്റി എം.എസ്. പൈപ്പുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി 21.75 കോടി രൂപയുടെ ഭരണാനുമതി 2016-ൽ നൽകുകയുണ്ടായി. മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിൽക്കൂടി കടന്നുപോകുന്ന 400 മീറ്റർ ജി.ആർ.പി. പൈപ്പ് മാറ്റി സ്ഥാപിക്കാൻ എതിർപ്പ് കാരണം സാധ്യമായിട്ടില്ല. സ്രോതസ്സിൽനിന്ന് ഒരു പമ്പ്സെറ്റ് മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ജലജീവൻ മിഷൻ മുഖേന വിതരണശൃംഖലകൾ

മെച്ചപ്പെടുത്തി തുറവൂർ പഞ്ചായത്തിൽ 2352-ഉം കുത്തിയതോട് പഞ്ചായത്തിൽ 1840-ഉം കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. പൂർണ്ണതോതിലുള്ള പമ്പിംഗ് സാധ്യമാകുന്നതിന് 400 മീറ്റർ ജി.ആർ.പി. പൈപ്പ് കൂടി സ്ഥാപിക്കേണ്ടതുണ്ട്. ഭൂജല നിരപ്പ് ഉയർന്ന പ്രദേശമായതിനാൽ വേനൽക്കാലത്ത് മാത്രമേ ഈ പ്രവൃത്തികൾ നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ. മേൽപ്പറഞ്ഞ പ്രവൃത്തികൾ പൂർത്തിയാകുന്നതോടുകൂടി അരൂർ നിയോജകമണ്ഡലത്തിലെയും തീരപ്രദേശങ്ങളിലെയും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതാണ്.

## III സബ്മിഷൻ

(1) വനപാത പദ്ധതി

ശ്രീ. സി. കൃഷ്ണൻ: പുളിങ്ങോത്ത്നിന്നും കർണ്ണാടക അതിർത്തിയിലെ ഭാഗമണ്ഡലത്തേയ്ക്കുള്ള വനപാത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്ത് വച്ചു.)

(2) മ്യൂസിയത്തിന്റെയും തീർത്ഥാടന ഓഡിറ്റോറിയത്തിന്റെയും നിർമ്മാണം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ശിവഗിരിമഠത്തിലെ ജാതിയില്ല വിളംബര മ്യൂസിയത്തിന്റെയും തീർത്ഥാടന

ഓഡിറ്റോറിയത്തിന്റെയും നിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. വി. ജോയി: ശിവഗിരിമഠത്തിലെ ജാതിയില്ല വിളംബര മ്യൂസിയത്തിന്റെയും തീർത്ഥാടന ഓഡിറ്റോറിയത്തിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ 5 കോടി രൂപ അനുവദിച്ചെങ്കിലും ബിൽഡിംഗ് പെർമിറ്റ് എടുത്തിരുന്നില്ല. പ്രദേശവാസികൾ കോടതിയിൽനിന്നും വാങ്ങിയ സ്റ്റേ വെക്കേറ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നാളെ നടക്കുന്ന യോഗത്തിൽ തീരുമാനമെടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നാളെ ചേരുന്ന യോഗത്തിൽ ചർച്ച ചെയ്യുന്നതാണ്.

(3) ഷഫീക്കിന്റെ മരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട കോട്ടയം കാഞ്ഞിരപ്പള്ളി സ്വദേശി ഷഫീക്കിന്റെ കുടുംബത്തിന് വീട് നിർമ്മിച്ചുനൽകുന്നതിനും കുട്ടികളെ ദത്തെടുക്കുന്നതിനും ഭാര്യയ്ക്ക് ജോലി നൽകുന്നതിനും കസ്റ്റഡിമരണത്തെ സംബന്ധിച്ച ജസ്റ്റിസ് നാരായണക്കുറുപ്പ് കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഷഫീക്ക് പോലീസ് കസ്റ്റഡിയിലാണ് മരണപ്പെട്ടതെങ്കിൽ സി.ബി.ഐ അന്വേഷണം നടത്തുന്നതിന് ഗവൺമെന്റ് മുൻഗണന നൽകുന്നതാണ്. ജസ്റ്റിസ് നാരായണക്കുറുപ്പ് കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചതിനുശേഷം യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(4) ആദിവാസി ഭൂമിപ്രശ്നങ്ങൾ

ശ്രീ. പി. സി. ജോർജ്: പൂഞ്ചവയൽ, ദേവിയാർ, പെരിഞ്ചാൻകുട്ടി പ്രദേശങ്ങളിലെ ആദിവാസി ഭൂമിപ്രശ്നങ്ങൾ പരിഹരിക്കാനും സുപ്രീം കോടതിയുടെ അനുമതി ലഭിച്ച 19000 ഏക്കർ ഭൂമി എസ്.സി./എസ്.ടി.

വിഭാഗങ്ങൾക്ക് പതിച്ചുനൽകി വീട് നിർമ്മിച്ചുനൽകുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിവിധ ജില്ലകളിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നൽകിവരികയാണ്. (വിശദമായ മറുപടി മേശപ്പുറത്തുവച്ചു)

(5) താലൂക്ക് രൂപീകരണം

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): താലൂക്ക് പുന:സംഘടന സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറേറ്റിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. (വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(6) ട്രാൻസ്ജെൻഡറുകളുടെ പ്രശ്നങ്ങൾ

ശ്രീമതി പി. അയിഷാ പോറ്റി: ട്രാൻസ്ജെൻഡറുകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടിയുണ്ടാകണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ട്രാൻസ്ജെൻഡർ

സമൂഹത്തിന്റെ സമഗ്ര പുരോഗതിക്കായി ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കുകയും 'മഴവില്ല് ' പദ്ധതിക്ക് തുടക്കം കുറിക്കുകയും അവരുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി സ്കോളർഷിപ്പും ഹോസ്റ്റൽ സൗകര്യവും ഏർപ്പെടുത്തുകയും സംരംഭകത്വ വികസനത്തിനാവശ്യമായ നിരവധി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ലിംഗമാറ്റശസ്ത്രക്രിയയ്ക്കും തുടർന്നുള്ള ആരോഗ്യപ്രശ്നങ്ങൾക്കും ധനസഹായം നൽകുന്നുണ്ട്. തൊഴിലിനായി വായ്പ പദ്ധതി നടപ്പിലാക്കുകയും ഷോർട്ട് സ്റ്റേ ഹോമുകൾ ആരംഭിക്കുകയും ഇവർക്കാവശ്യമായ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

(7) ബി.പി.എൽ. സ്കോളർഷിപ്പ്

ശ്രീ. സി. ദിവാകരൻ: 2018-19-ൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയ ബി.പി.എൽ. കുടുംബങ്ങളിൽപ്പെടുന്ന എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്കുള്ള ബി.പി.എൽ. സ്കോളർഷിപ്പ് താൽക്കാലികമായി

നിർത്തിവയ്ക്കാൻ കോടതി ആവശ്യപ്പെട്ടതിനെതിരെ സർക്കാർ അപ്പീൽ കൊടുത്തിരിക്കുകയാണ്. കോടതി വിധി വരുന്ന മുറയ്ക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതാണ്.

## (8) മഞ്ചേരി മെഡിക്കൽ കോളേജ്

ശ്രീ. എം. ഉമ്മർ: സ്ഥലമേറ്റെടുത്ത് മഞ്ചേരി മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കോവിഡ് ഇതര ചികിത്സ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മഞ്ചേരി മെഡിക്കൽ കോളേജിൽ തസ്തികകൾ സൃഷ്ടിച്ചും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും സ്ഥിരാംഗീകാരം ലഭ്യമാക്കുകയും ആർദ്രം മിഷനിലൂടെ രോഗീസൗഹൃദ ആശുപത്രിയാക്കുകയും കാത്ത്‌ലാബ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 9 നിലകളുള്ള കെട്ടിടം, ക്വാർട്ടേഴ്സ്, ആഡിറ്റോറിയം എന്നിവയുടെ നിർമ്മാണം നടത്തുകയും പി.ജി. കോഴ്സ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്പെഷ്യാലിറ്റി ബ്ലോക്കുകളുടെ നിർമ്മാണവും സ്ഥലമെടുപ്പും സർക്കാരിന്റെ പരിഗണനയിലുള്ളതും കോവിഡ്-19

നിയന്ത്രണ വിധേയമാകുന്ന മുറയ്ക്ക് കോവിഡ് ഇതര ചികിത്സ പുന:സ്ഥാപിക്കുന്നതുമാണ്.

(9) ആരോഗ്യ സർവ്വകലാശാലയുടെ ഗവേണിംഗ് ബോഡി

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ആരോഗ്യ സർവ്വകലാശാലയുടെ ഗവേണിംഗ് ബോഡി ജനാധിപത്യവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആരോഗ്യ സർവ്വകലാശാലയുടെ ഗവേണിംഗ് ബോഡി തെരഞ്ഞെടുക്കപ്പെട്ട സമിതിയായി പുന:സംഘടിപ്പിക്കണമെന്ന പ്രമേയം ഒന്നാമത് സെനറ്റ് യോഗത്തിൽ അവതരിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2010-ലെ നിയമം ഭേദഗതി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(10) എൽ.എസ്.ജി.ഡി. പ്രവൃത്തികൾ

ശ്രീ. കെ. ഡി. പ്രസേനൻ: ആലത്തൂർ മണ്ഡലത്തിലെ എൽ.എസ്.ജി.ഡി. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ജില്ലാതലത്തിൽ ചുമതല നൽകുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ലാന്റ് സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവയ്ക്കുള്ള തുക ലഭ്യമാകുന്ന മുറയ്ക്ക് ആലത്തൂർ മണ്ഡലത്തിലെ എൽ.എസ്.ജി.ഡി. പ്രവൃത്തികൾ പൂർത്തീകരിക്കാൻ പാലക്കാട് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(11) പാരിസ്ഥിതിക സംവേദന മേഖല

ശ്രീ. കെ. സി. ജോസഫ്: ചൂലന്നൂർ, പീച്ചി-വാഴാനി വന്യമൃഗ സങ്കേതങ്ങൾക്ക് ചുറ്റുമുള്ള പാരിസ്ഥിതിക സംവേദന മേഖല പരമാവധി ഒരു കിലോമീറ്റർ ആക്കുന്നതിന് നടപടി സ്വീകരിക്കണം.

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): പീച്ചി-വാഴാനി വന്യമൃഗ സങ്കേതം സീറോ ബഫർ സോൺ ആക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): ജനവാസമേഖലയിലെ പരമാവധി ദൂരം ഒരു കിലോമീറ്ററിനുള്ളിലാക്കിയാണ് പീച്ചി-വാഴാനി, ചൂലന്നൂർ വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ ഡീമാർക്കേറ്റ് ചെയ്തിട്ടുള്ളത്. പരാതി ഉയർന്നതിനാൽ ജനവാസമേഖല പൂർണ്ണമായി ഒഴിവാക്കണമെന്ന തീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ച പ്രൊപ്പോസൽ വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

(12) മാനന്തവാടി മാതൃകാ ഡിഗ്രി കോളേജിന്റെ പ്രവർത്തനം

ശ്രീ. ഒ. ആർ. കേളു: മാനന്തവാടി മാതൃകാ ഡിഗ്രി കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): വയനാട് ജില്ലയ്ക്ക് അനുവദിച്ച മാതൃകാ ഡിഗ്രി കോളേജ് മാനന്തവാടിയിൽ സ്ഥാപിക്കുന്നതിനായി റൂസ രണ്ടാംഘട്ടത്തിലുൾപ്പെടുത്തി പത്ത് ഏക്കർ ഭൂമി സംസ്ഥാന സർക്കാർ കൈമാറിയിട്ടുണ്ട്. കേന്ദ്ര വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് കോളേജ് തുടങ്ങാനുള്ള നടപടി ആരംഭിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

1. 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

2. കേരളത്തിലെ കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

3. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത്തിഅഞ്ച് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ.

4. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ടാമതും ഒൻപതാമതും റിപ്പോർട്ടുകൾ.

5. പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ആറാമതും ഏഴാമതും റിപ്പോർട്ടുകൾ.

6. ഹർജികൾ സംബന്ധിച്ച സമിതിയുടെ നാല് മുതൽ ആറ് വരെയുള്ള റിപ്പോർട്ടുകൾ.

7. സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട്.

## VI ധനകാര്യം

### 2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

ശ്രീ. സി. കെ. ശശീന്ദ്രൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പൗരത്വ നിയമഭേദഗതി, കാർഷിക പരിഷ്കരണ നിയമങ്ങൾ എന്നിവയ്ക്കെതിരെ ശക്തമായി പ്രതികരിക്കാൻ സർക്കാരിന് സാധിച്ചു. പൊതുവിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തിയതിന്റെ ഫലമായി കൂടുതൽ കുട്ടികൾ പൊതുവിദ്യാലയങ്ങളിലെത്തി. പശ്ചാത്തല വികസനത്തിന് മുതൽക്കൂട്ടായി കിഫ്ബി മാറി. കർഷകക്ഷേമബോർഡ് രൂപീകരണവും പഴം, പച്ചക്കറി ഉല്പന്നങ്ങളുടെ തറവില നിശ്ചയിച്ച നടപടിയും അഭിനന്ദനാർഹമാണ്. ഇഞ്ചിയ്ക്കുകൂടി തറവില നിശ്ചയിക്കണം. 241 ആദിവാസി മെന്റർ ടീച്ചർമാരെ നിയമിച്ചതും പോലീസ് സേനയിൽ ആദിവാസി വിഭാഗങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിച്ചതും 622 ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകുന്നതിനുള്ള നടപടിയെടുത്തതും ഗോത്രജീവിക പദ്ധതിവഴി തൊഴിൽ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതും തോട്ടം തൊഴിലാളികളുടെ കൂലി വർദ്ധിപ്പിച്ചതും ബി.പി.എൽ. മുൻഗണനാ ലിസ്റ്റിൽ അവരെ ഉൾപ്പെടുത്തിയതും ശ്രദ്ധേയമാണ്. തോട്ടം തൊഴിലാളികൾക്കുവേണ്ടി ലൈഫ് ഭവന നിർമ്മാണ പദ്ധതി

ആരംഭിക്കാനും വയനാട് മെഡിക്കൽ കോളേജ് ആരംഭിക്കാനും നടപടി സ്വീകരിക്കണം. ഹീമോഗ്ലോബിനോപ്പതി റിസർച്ച് ആന്റ് കെയർ സെന്റർ ആരംഭിക്കുന്നതും പഴശ്ശി സൊസൈറ്റിക്കുകീഴിൽ ട്രൈബൽ കോളേജ് പ്രഖ്യാപിച്ചതും പ്രീപ്രൈമറി ടീച്ചർമാരുടെ ഓണറേറിയം വർദ്ധിപ്പിച്ചതും എലവേറ്റഡ് ഹൈവേ നിർമ്മാണത്തിന് തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ ഓണറേറിയവും ITDP-യ്ക്ക് കീഴിലുള്ള കിന്റർഗാർട്ടൻ, വികാസ്‌വാടി അദ്ധ്യാപക/ഹെൽപ്പർമാരുടെ വേതനവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചങ്കോട് റെയിൽപ്പാത നിർമ്മാണത്തിന് ആദ്യ ഗഡു അനുവദിക്കണം. വെറ്ററിനറി സർവ്വകലാശാലയുടെ ഗ്രാന്റ് പത്ത് ശതമാനം വർദ്ധിപ്പിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കടമെടുക്കുന്ന പണം മൂലധനച്ചെലവിനുവേണ്ടി ഉപയോഗിക്കാതെ കടബാധ്യത തീർക്കാൻ വിനിയോഗിക്കുന്നത് വളർച്ചാ നിരക്ക് കുറയുന്നതിന് കാരണമാകും. ധനഉത്തരവാദിത്വ നിയമത്തിന്റെ വ്യവസ്ഥകൾ പാലിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. ഗവൺമെന്റിന്റെ സാമ്പത്തിക സമീപനം പരാജയപ്പെടുകയും പൊതുകടം വർദ്ധിക്കുകയും ചെയ്തു.

ശ്രീ. ചിറ്റയം ഗോപകുമാർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സർക്കാർ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ നേട്ടമാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് ഫലം. സംസ്ഥാനത്തിന്റെ ശരാശരി സാമ്പത്തികവളർച്ച 5.9 ശതമാനമാക്കി വർദ്ധിപ്പിച്ചു. പകർച്ചവ്യാധി കാലഘട്ടത്തിൽ സാധാരണക്കാർക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള പദ്ധതികൾ പ്രഖ്യാപിക്കാനും സാമൂഹ്യക്ഷേമപെൻഷനുകൾ കാലോചിതമായി വർദ്ധിപ്പിക്കാനും സാധിച്ചു. കാർഷിക-പരമ്പരാഗത മേഖലകളുൾപ്പെടെ പുനരുദ്ധരിക്കാനും ആധുനിക സാങ്കേതികവിദ്യയ്ക്കനുസൃതമായ വികസനപ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കാനും ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്താനും ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളപരിഷ്കരണം നടപ്പാക്കാനും എംപാനൽ ജീവനക്കാരെ തിരിച്ചെടുക്കാനും തയ്യാറാകണം. കെട്ടിടനിർമ്മാണ തൊഴിലാളികൾക്കുള്ള ഫെസ്റ്റിവൽ അലവൻസ് കാലോചിതമായി വർദ്ധിപ്പിക്കണം. പത്ത് വർഷം പൂർത്തിയാക്കിയ കാഷ്വൽ-കരാർ-ദിവസവേതന തൊഴിലാളികളെ സ്ഥിരപ്പെടുത്തണം. കർഷകത്തൊഴിലാളി

ക്ഷേമനിധി അംഗങ്ങളുടെ അംശദായത്തിന് ആനുപാതികമായി സർക്കാർ വിഹിതം വർദ്ധിപ്പിക്കാനും ഭൂമി ക്രയവിക്രയത്തിലൂടെ ലഭിക്കുന്ന സെസ് കർഷകക്ഷേമനിധി ബോർഡിന് നൽകാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> ബജറ്റിനെ എതിർക്കുന്നു. അപ്രായോഗികവും യാഥാർത്ഥ്യബോധത്തിന് നിരക്കാത്തതുമായ ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിനും സർവ്വകലാശാലകളെ സെന്റർ ഓഫ് എക്സലൻസുകളാക്കുന്നതിനും പിൻവാതിൽ നിയമനങ്ങൾ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. തിരൂരങ്ങാടി എൽ.ബി.എസ്.-നും പരപ്പനങ്ങാടി സ്പെഷ്യൽ സ്കൂളിനും കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നതിനും സ്പെഷ്യൽ സ്കൂളുകളിലെ ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കുന്നതിനും സ്കൂൾ ചലഞ്ച് പദ്ധതിയുടെ ഭാഗമായി പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനും നടപടിയുണ്ടാകണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വെട്ടിക്കുറച്ച ഫണ്ട് മുൻകാലപ്രാബല്യത്തോടെ പുനഃസ്ഥാപിക്കണം. എം.എൽ.എ. ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ പാസ്സാക്കുന്നതിനും കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും

നടപടി സ്വീകരിക്കണം. ക്ഷേമ പെൻഷനുകൾക്കുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കണം. നിയമന ഉത്തരവ് ലഭിച്ച അദ്ധ്യാപകർക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകണം.

ശ്രീ. എസ്. രാജേന്ദ്രൻ: ബജറ്റിനെ അനുകൂലിക്കുന്നു. സമസ്ത മേഖലകളുടേയും ക്ഷേമം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടുള്ള ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. പച്ചക്കറി ഉൽപ്പാദനത്തിന് തുക അനുവദിച്ച നടപടി കർഷകർക്ക് ഏറെ പ്രയോജനപ്രദമാണ്. വൈദ്യുതി പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ സാധിച്ചതും ഗതാഗതയോഗ്യമായ റോഡുകൾ നിർമ്മിക്കാൻ കഴിഞ്ഞതും സർക്കാരിന്റെ നേട്ടങ്ങളാണ്. സർക്കാരിന്റെ ജനപക്ഷ നിലപാടുകളോട് ക്രിയാത്മകമായ സമീപനം സ്വീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. മൂന്നാറിൽ ട്രെയിൻ സർവ്വീസ് പുനരാരംഭിക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കണം. ഐ.ടി.ഡി.പി. സിംഗിൾ ടീച്ചർമാരുടെ വേതനം പരിഷ്കരിക്കണം. കോവിഡ് കാലത്ത് തോട്ടംതൊഴിലാളികൾക്ക് സഹായധനവും സൗജന്യറേഷനുമനുവദിച്ച നടപടി അഭിനന്ദനാർഹമാണ്.

## VII അടിയന്തരപ്രമേയ ചർച്ച

### സി. & എ.ജി. റിപ്പോർട്ട്

ശ്രീ. വി. ഡി. സതീശൻ: അടിയന്തരപ്രമേയ ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തി വയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ഡി. സതീശൻ: കിഫ്ബിയെ സംബന്ധിച്ച സി.&എ.ജി.-യുടെ നീരിക്ഷണങ്ങൾ പ്രതിപക്ഷം ഉന്നയിച്ച വിമർശനങ്ങളെ ശരിവയ്ക്കുന്നതാണ്. മസാലബോണ്ടുകൾ വിറ്റഴിച്ച നടപടി രാജ്യത്തിന് പുറത്തുനിന്ന് ലോണെടുക്കാൻ പാടില്ലെന്ന ഭരണഘടനാ വ്യവസ്ഥയുടെ ലംഘനമാണ്. എക്സിറ്റ് മീറ്റിംഗിന്റെ മിനിട്ട്സ് സി.&എ.ജി. അയച്ചിട്ടില്ലെന്ന വാദം തെറ്റാണ്. കേന്ദ്ര സർക്കാർ ഓഫ് ബജറ്റായി കടമെടുക്കുന്നതിനെ വിമർശിച്ച സി. &എ.ജി.-യുടെ കിഫ്ബിയ്ക്കെതിരായ നിരീക്ഷണങ്ങളെ രാഷ്ട്രീയഗൂഢാലോചനയെന്ന് ആരോപിക്കുന്നത് വസ്തുതാപരമല്ല. കടമെടുപ്പ് സംബന്ധിച്ച് റിസർവ് ബാങ്കിന്റെ എൻ.ഒ.സി. ലഭിച്ചിട്ടുണ്ടെന്ന വാദം കബളിപ്പിക്കലാണ്. മസാലബോണ്ടുകൾ വഴിയുള്ള കടമെടുപ്പിനെ കിഫ്ബി ബോർഡ് യോഗത്തിൽ ധനകാര്യ സെക്രട്ടറിയും ചീഫ് സെക്രട്ടറിയും എതിർത്തിരുന്നതാണ്. കിഫ്ബി മസാലബോണ്ടുകൾ വിറ്റതിലുൾപ്പെടെ

ഭരണഘടനാ ലംഘനമുണ്ടെന്ന സി.&എ.ജി.-യുടെ കണ്ടെത്തൽ ഗുരുതരമായ ഭവിഷ്യത്താണ് സംസ്ഥാനത്തുണ്ടാക്കാൻ പോകുന്നത്. അപകടകരമായ ഇത്തരം നീക്കങ്ങളിൽനിന്ന് ധനകാര്യവകുപ്പ് പിന്തിരിയണം.

ശ്രീ. ജെയിംസ് മാത്യു: സി.&എ.ജി. ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന ഏത് വിഷയത്തെക്കുറിച്ചും വിശദീകരണം നൽകാൻ സർക്കാരിന് അവകാശമുണ്ട്. ബോണ്ടിറക്കിയത് സർക്കാരല്ല. ബജറ്റിലുൾപ്പെടുത്തി അവതരിപ്പിച്ച ആന്വൽ ഫിനാൻസ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട കാര്യങ്ങൾക്കുവേണ്ടി ഓഫ് ബജറ്റായി പണം വകയിരുത്തി കടം വാങ്ങുന്നതിന് പരിമിതിയുണ്ട്. കിഫ്ബിയിലെ വായ്പാതിരിച്ചടവ് നിയമംമൂലം ഉറപ്പുവരുത്തിയത് ധനകാര്യ വകുപ്പിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്നതാണ്.

ശ്രീ. എം. ഉമ്മർ: കിഫ്ബിക്കുവേണ്ടി പ്രത്യേക ഹെഡ്ഡ് അനുവദിക്കാത്തതും കിഫ്ബിയുടെ ഓഡിറ്റ് റിപ്പോർട്ട് പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട റൂളിംഗ് ലംഘിച്ചതും സഭാചട്ടങ്ങൾ സംബന്ധിച്ച റിപ്പോർട്ടിൽ ഭേദഗതികൾ വരുത്താത്തതും ഗുരുതരമായ വീഴ്ചയാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: അടിസ്ഥാന സൗകര്യവികസനത്തിനായി 60,000 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി വഴി ആവിഷ്കരിക്കാൻ കഴിഞ്ഞത് എടുത്തുപറയത്തക്ക നേട്ടമാണ്. സർക്കാരിന്റെ പ്രതിച്ഛായ തകർക്കാൻ വേണ്ടിയാണ് കിഫ്ബിയെ സംബന്ധിച്ച് അടിസ്ഥാനരഹിതമായ ആരോപണങ്ങളുന്നയിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ്: കിഫ്ബി 2018-19 സാമ്പത്തിക വർഷത്തിൽ നടത്തിയ മസാലബോണ്ടുകൾ വിറ്റഴിച്ചതുൾപ്പെടെയുള്ള കടമെടുപ്പ് ഓഫ് ബജറ്റാണെന്നും ഇത് ഭരണഘടനാ ലംഘനവുമാണെന്ന സി. ആന്റ് എ.ജി.-യുടെ പരാമർശം പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് പരിശോധിക്കാമെന്നിരിക്കെ അതിന് തയ്യാറാകാത്ത നടപടി തെറ്റാണ്. മസാല ബോണ്ടുകൾ വിറ്റഴിച്ച് വിദേശത്തുനിന്നും കടമെടുക്കാൻ സംസ്ഥാന സർക്കാരിനോ കിഫ്ബിക്കോ സാധ്യമല്ല. ഇന്ത്യയ്ക്കകത്ത് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുന്നത് പ്രയോജനപ്പെടുത്താൻ തയ്യാറാകാതെ സംസ്ഥാനത്തെ കടുത്ത സാമ്പത്തിക ബാധ്യതയിലാക്കുന്ന നിലപാട് അംഗീകരിക്കാൻ കഴിയില്ല.

ശ്രീ. സി. കെ. നാണു: കക്ഷിഭേദമെന്യേ എല്ലാ നിയോജകമണ്ഡലങ്ങളിലും കിഫ്ബി വഴി വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്.

ശ്രീ. എം. സ്വരാജ്: മസാല ബോണ്ടുകൾ വിറ്റഴിച്ച് വിദേശത്തുനിന്നും കടമെടുക്കാൻ സംസ്ഥാന സർക്കാരിനോ കിഫ്ബിക്കോ സാധിക്കില്ലെന്ന പരാമർശം വസ്തുതാവിരുദ്ധമാണ്. പാർലമെന്റ് പാസ്സാക്കിയ നിയമപ്രകാരം മസാല ബോണ്ട് പുറപ്പെടുവിക്കാവുന്ന ബോഡിയാണ് കിഫ്ബി. സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റിംഗ് മാത്രമേ അനുവദിക്കുകയുള്ളൂ എന്ന നിലപാട് തന്നെയാണ് സർക്കാരും സ്വീകരിച്ചിട്ടുള്ളത്. പണം ചെലവഴിക്കുന്നത് സംബന്ധിച്ച് ആധികാരികവും സമഗ്രവുമായ പരിശോധന നടത്താൻ സി.ആന്റ് എ.ജി. ക്ക് അവകാശമുണ്ട്.

ശ്രീ. വി. ടി. ബൽറാം: പ്രതിപക്ഷം ഉന്നയിക്കുന്ന വിമർശനങ്ങൾക്കും വാദഗതികൾക്കും വ്യക്തമായ മറുപടി നൽകാൻ സർക്കാരിന് സാധിച്ചിട്ടില്ല. കിഫ്ബി മസാല ബോണ്ട് വിദേശത്ത് ഇഷ്യൂ ചെയ്ത് അവിടെനിന്ന് ഉയർന്ന പലിശയ്ക്ക് വായ്പയെടുക്കുന്ന നടപടി ഭരണഘടനാ വിരുദ്ധമാണ്. വിദേശത്തുനിന്ന് ഉയർന്ന പലിശയ്ക്ക് വായ്പയെടുക്കുന്ന തുക വികസന പദ്ധതികൾക്കുവേണ്ടി ചെലവഴിക്കാൻ സർക്കാരിന് സാധിക്കുന്നില്ല.

കിഫ്ബിയിലേയ്ക്ക് മാറ്റിയ പദ്ധതികളുടെ ഡി.പി.ആർ. അംഗീകരിക്കാനോ ഹൈടെക് സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കാനോ സാധിച്ചിട്ടില്ല. സർക്കാരിന്റെ ധൂർത്തിനാവശ്യമായ പണം കണ്ടെത്തുന്നതിനുള്ള മാർഗ്ഗമായി കിഫ്ബി മാറിയിരിക്കുകയാണ്. ബജറ്റിലൂടെ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലേയ്ക്ക് മാറ്റി സംസ്ഥാനത്തെ സാമ്പത്തിക അരാജകത്വത്തിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. കിഫ്ബിയുടെ മസാല ബോണ്ടുകൾ കൈവശം വച്ചിരിക്കുന്നത് ആരൊക്കെയാണെന്നത് സംബന്ധിച്ച് വ്യക്തമാക്കണം. സി. ആന്റ് എ.ജി.-യുടെ ഭരണഘടനാപരമായ ചോദ്യങ്ങൾക്ക് സുതാര്യത ഉറപ്പുവരുത്താൻ തയ്യാറാകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): മസാലബോണ്ട് മാത്രമല്ല കിഫ്ബിയുടെ മുഴുവൻ വായ്പകളും ഭരണഘടനാ വിരുദ്ധമാണെന്നാണ് സി.ആന്റ്എ.ജി.-യുടെ നിഗമനം. കിഫ്ബിയിൽ നിന്നും ഇതുവരെ 8,000 കോടി രൂപ ചെലവഴിച്ചതും വരുന്ന മാർച്ച് മാസത്തിനുള്ളിൽ 12,000 കോടി രൂപ വരെ ചെലവഴിക്കാൻ സാധിക്കുന്നതും സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളായാണ് കാണേണ്ടത്. കേന്ദ്ര നിയമമാണ് വായ്പയെടുക്കാൻ അവകാശം നൽകുന്നത്.

വായ്പ എടുക്കുന്നത് സംബന്ധിച്ച് കിഫ്ബി ഡയറക്ടർ ബോർഡ് ഏകകണ്ഠമായാണ് തീരുമാനമെടുത്തത്. കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികൾ ഓഫ് ബജറ്റ് ബോറോയിംഗിൽ ഉൾപ്പെടുന്നതാണ്. ഓഫ് ബജറ്റ് ബോറോയിംഗ് സർക്കാരിന്റെ വായ്പയായി കരുതുന്നില്ല. കിഫ്ബി വായ്പയെടുക്കുന്ന പണത്തിന് ഗ്യാരന്റി കൊടുക്കാമെന്നുള്ള നിയമം പാസ്സാക്കിയിട്ടുണ്ട്. വരുമാനത്തിനപ്പുറം ബാധ്യത ഉയരില്ലെന്ന് ഉറപ്പുവരുത്തുന്നതിന് അസറ്റ് ലയബിലിറ്റി സോഫ്റ്റ്‌വെയറിന് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിൽ നിന്നുമാത്രമല്ല, വായ്പയിൽനിന്നുള്ള തിരിച്ചടവിലൂടെയും കിഫ്ബിക്ക് വരുമാനം ലഭിക്കുന്നുണ്ട്. പെട്രോ കെമിക്കൽ പാർക്കിനുവേണ്ടി ചെലവഴിച്ച തുകയിൽ 400 കോടി രൂപ തിരികെ ലഭിച്ചിട്ടുണ്ട്. സി.&എ.ജി. റിപ്പോർട്ടിലെ പരാമർശത്തെക്കുറിച്ചും നടപടിക്രമങ്ങളെക്കുറിച്ചുമുള്ള പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി മുമ്പാകെ നൽകിയ മറുപടിയുടെ പകർപ്പുകൾ മേശപ്പുറത്തുവയ്ക്കുന്നു.

(പ്രതിപക്ഷം ഉന്നയിച്ച കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമായ മറുപടി നൽകിയില്ലെന്നാരോപിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

പ്രമേയം സഭ നിരാകരിച്ചു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീമതി യു. പ്രതിഭ: ബജറ്റിനെ അനുകൂലിക്കുന്നു. ആരോഗ്യം-വിദ്യാഭ്യാസം-കാർഷികം-സാംസ്കാരികം-സഹകരണം തുടങ്ങി സമസ്ത മേഖലകളുടെയും വികസന പ്രവർത്തനങ്ങളിൽ വൻകുതിച്ചുചാട്ടമാണ് സർക്കാർ കാഴ്ചവച്ചിട്ടുള്ളത്. സാമൂഹ്യപെൻഷൻ വർദ്ധിപ്പിക്കുകയും കുടിശ്ശികയുൾപ്പെടെ കൊടുത്തുതീർക്കുകയും പ്രകടനപത്രികയിലെ വാഗ്ദാനങ്ങളിൽ ഭൂരിഭാഗവും നടപ്പിലാക്കുകയും ചെയ്ത സർക്കാരാണിത്. കോവിഡ് കാലത്ത് പഞ്ചായത്തുകൾതോറും കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കുകയും എല്ലാ കുടുംബങ്ങൾക്കും സൗജന്യ ഭക്ഷ്യകിറ്റ് നൽകുകയും പ്രതിസന്ധികളെ അതിജീവിച്ച് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്തത് എടുത്തുപറയേണ്ടതാണ്. ആശാവർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിച്ച നടപടി ശ്ലാഘനീയമാണ്. ക്യാൻസർ രോഗികൾക്ക് നൽകുന്ന തുക വർദ്ധിപ്പിക്കുകയും പ്രാദേശിക പത്രപ്രവർത്തകരെ സാംസ്കാരിക ക്ഷേമനിധിയുടെ ഭാഗമാക്കുകയും വേണം. 'അമൃത്' പദ്ധതി കാര്യക്ഷമമാക്കുന്നതിനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കെടുത്ത ശുചീകരണത്തൊഴിലാളികൾ അടക്കമുള്ള ജീവനക്കാർക്ക്

പ്രത്യേക ആരോഗ്യ പരിരക്ഷാ പാക്കേജ് ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. എസ്. ശബരീനാഥൻ: ബജറ്റിനെ എതിർക്കുന്നു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 7.06 ശതമാനമായിരുന്ന വളർച്ചാനിരക്ക് 5.9 ശതമാനമായി നിലവിൽ കുറയുകയാണുണ്ടായത്. പി.എസ്.സി.-യെ നോക്കുകുത്തിയാക്കി പിൻവാതിൽ നിയമനം നടത്തുന്ന നിലപാടിൽനിന്ന് സർക്കാർ പിന്തിരിയണം.

ശ്രീ. ആന്റണി ജോൺ: ബജറ്റിനെ അനുകൂലിക്കുന്നു. ലോക്ക്ഡൗൺ കാലത്ത് അതിഥി തൊഴിലാളികൾക്കുൾപ്പെടെ സൗജന്യറേഷനും ഭക്ഷ്യകിറ്റും അനുവദിച്ചതും കോവിഡ് ചികിത്സ സൗജന്യമാക്കാനുള്ള തീരുമാനവും പ്രശംസനീയമാണ്.

ശ്രീ. ഒ. രാജഗോപാൽ: ബജറ്റിനെ എതിർക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കാനുള്ള ധനാഗമമാർഗ്ഗങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തണം. സംസ്ഥാനത്തിന് അനുവദനീയമായ പരിധിക്കുപുറത്ത് പണം കടമെടുക്കാനുള്ള ഉപാധിയായി കിഫ്ബിയെ മാറ്റിയ നടപടി പുനഃപരിശോധിക്കണം. പി.എസ്.സി-യെ നോക്കുകുത്തിയാക്കിയുള്ള പിൻവാതിൽ നിയമനം അവസാനിപ്പിക്കണം.

ശ്രീ. അനൂപ് ജേക്കബ്: ബജറ്റിനെ എതിർക്കുന്നു. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിലും തൊഴിലില്ലായ്മ പരിഹരിക്കുന്നതിലും പരാജയപ്പെട്ട സർക്കാർ ധൂർത്തും പിൻവാതിൽ നിയമനങ്ങളും മുഖമുദ്രയാക്കി മാറ്റിയിരിക്കുകയാണ്. റബ്ബറിന്റെ തറവില 200 രൂപയായി വർദ്ധിപ്പിക്കുന്നതിനും കാർഷികമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും നെൽക്കർഷകർക്ക് അടിയന്തര ധനസഹായമെത്തിക്കുന്നതിനും നടപടി സ്വീകരിക്കണം. ആമ്പല്ലൂരിൽ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഭൂമിയേറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തണം.

ശ്രീ. മോൻസ് ജോസഫ്: റബ്ബറിന്റെ തറവില 250 രൂപയായി വർദ്ധിപ്പിക്കുന്നതിനും വില സ്ഥിരതാ ഫണ്ടിന്റെ കുടിശ്ശിക നൽകുന്നതിനും നടപടി സ്വീകരിക്കണം. വ്യാപാരികൾക്ക് നികുതി റിട്ടേൺ സമർപ്പിക്കുന്നതിനുള്ള കാലാവധി ഒരുമാസംകൂടി ദീർഘിപ്പിക്കണം. ഭിന്നശേഷിക്കാരുടെയും വിധവകളുടെയും പെൻഷൻ വർദ്ധിപ്പിക്കാനും അവരുടെ ക്ഷേമത്തിനുവേണ്ടി പാക്കേജ് പ്രഖ്യാപിക്കാനും തയ്യാറാകണം.

ഡോ. എൻ. ജയരാജ്: ബജറ്റിനെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ-വ്യാവസായിക-ആരോഗ്യ മേഖലകളിൽ പുരോഗതി കൈവരിക്കാൻ

സർക്കാരിന് സാധിച്ചു. മുന്നാക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണമേർപ്പെടുത്തിയതും സർവ്വകലാശാലകളെ ഗവേഷണ പഠന കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള ശ്രമം നടത്തിയതും അഭിനന്ദനാർഹമാണ്. കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി കേരളത്തിലെ കാർഷിക-വ്യാവസായിക മേഖലയ്ക്ക് പുത്തനുണർവ് നൽകുന്നതാണ്. കിഫ്ബി സഹായത്തോടെ സർക്കാർ ആശുപത്രികളിൽ കാത്ത് ലാബ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താനും പൊതുവിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്താനും സർക്കാരിന് സാധിച്ചിട്ടുണ്ട്. റബ്ബറിന്റെ തറവില 200 രൂപയാക്കി വർദ്ധിപ്പിക്കാനും കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിനും അങ്കണവാടി അദ്ധ്യാപകർ/വർക്കർമാരുടെ വേതന വർദ്ധനവുമായി ബന്ധപ്പെട്ട ആശങ്ക ദൂരീകരിക്കാനും കെ-ടെറ്റുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്മേൽ വ്യക്തത വരുത്താനും കായിക മേഖലയ്ക്ക് പ്രാധാന്യം നൽകാനും നടപടി സ്വീകരിക്കണം. ഭിന്നശേഷിക്കാർക്കും പഠന വൈകല്യമുള്ളവർക്കും പിന്തുണ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കണം.

ശ്രീ. ഇ. കെ. വിജയൻ: ബജറ്റിനെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കൂടുതൽ വിദ്യാർത്ഥികളെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. പ്രവാസി - സാമൂഹ്യക്ഷേമ പെൻഷനുകളും അങ്കണവാടി ജീവനക്കാരുടെ വേതനവും വർദ്ധിപ്പിച്ചു. സ്കൂൾ പാചകത്തൊഴിലാളികളുടെ ദിവസവേതനത്തിൽ വർദ്ധനവ് വരുത്താനും വിലക്കയറ്റം പിടിച്ചുനിർത്താനും അർഹരായ 15 ലക്ഷത്തോളം കുടുംബങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താനും കഴിഞ്ഞത് അഭിനന്ദനാർഹമാണ്. സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിക്കാനും ഭവനരഹിതരെ പുനരധിവസിപ്പിക്കാനും പ്രവാസി ക്ഷേമനിധി അംഗത്വത്തിൽ വർദ്ധനവുണ്ടാക്കാനും ശിശുമരണ നിരക്ക് ഗണ്യമായി കുറയ്ക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. നെല്ല്, റബ്ബർ, നാളികേരം എന്നിവയുടെ താങ്ങുവില ഉയർത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. സുഭിക്ഷകേരളം പദ്ധതിയിലൂടെ കാർഷികോല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും പച്ചക്കറിക്ക് തറവില നിശ്ചയിക്കുകയും കാർഷികമേഖലയുടെ വികസനത്തിനായി തുക വകയിരുത്തുകയും ദശവത്സര പരിപാടിയിലൂടെ 50000 കോടി രൂപയുടെ അധിക വരുമാനം സൃഷ്ടിക്കാനുള്ള നടപടി

സ്വീകരിക്കുകയും ചെയ്തു. ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമത്തിനാവശ്യമായ സഹായം അനുവദിക്കാൻ നടപടിയുണ്ടാകണം.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: ബജറ്റിനെ എതിർക്കുന്നു. നികുതി-നികുതിയേതര വരുമാനം വർദ്ധിക്കാത്തതും റവന്യൂ വരുമാനവും തനത് നികുതി വരുമാനവും കുറഞ്ഞതും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയെ ബജറ്റിൽ പൂർണ്ണമായി അവഗണിച്ചത് പ്രതിഷേധാർഹമാണ്. കോഴിക്കോട് വിമാനത്താവള വികസനത്തിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട് പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം വിട്ടുനൽകുന്ന ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കണം. വള്ളിക്കുന്നിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടിയുണ്ടാകണം.

<u>ശ്രീ. എ. എൻ. ഷംസീർ</u>: ബജറ്റിനെ അനുകൂലിക്കുന്നു. സാമ്പത്തിക വളർച്ച 5.9 ശതമാനമായി ഉയർത്താനും ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കാനും ലൈഫ് പദ്ധതിക്കായി 6000 കോടി രൂപ മാറ്റിവയ്ക്കാനും സാധിച്ചത് അഭിനന്ദനാർഹമാണ്. ആരോഗ്യ മേഖലയിൽ 4000-ത്തോളം

പുതിയ തസ്തികകൾ സൃഷ്ടിക്കാനും ആശാ വർക്കർമാരുടെ ഓണറേറിയം 1000 രൂപയായി വർദ്ധിപ്പിക്കാനും സാധിച്ചു. ക്യാൻസർ രോഗികൾക്ക് നൽകുന്ന പെൻഷൻ വർദ്ധിപ്പിക്കണം. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വ്യാപാരികൾക്കായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം. കെ-ഫോൺ, ഗെയിൽ, ഇ-മൊബിലിറ്റി പദ്ധതികൾ അട്ടിമറിക്കാനുള്ള ശ്രമത്തിൽനിന്ന് പ്രതിപക്ഷം പിന്മാറണം. 5 വർഷം കൊണ്ട് 20 ലക്ഷം തൊഴിൽ ലഭ്യമാക്കുമെന്ന പ്രഖ്യാപനം മാതൃകാപരമാണ്. ഉന്നതവിദ്യാഭ്യാസ മേഖലയെ ആഗോളതലത്തിൽ ഉയർത്തുന്നതിനും സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുമായി 1000 തസ്തികകൾ സൃഷ്ടിക്കുമെന്ന തീരുമാനവും റബ്ബർ, നെല്ല്, നാളികേരം എന്നിവയ്ക്ക് താങ്ങുവില പ്രഖ്യാപിച്ചതും അഭിനന്ദനാർഹമാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: ബജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യബോധമില്ലാത്ത പ്രഖ്യാപനങ്ങളാണ് ബജറ്റിലുള്ളത്. സ്ഥലമേറ്റെടുക്കാൻ കഴിയാത്തതുമൂലം കണ്ണൂർ വിമാനത്താവള റൺവേ വികസനം സ്തംഭനാവസ്ഥയിലാണ്. കോവിഡ് പ്രതിസന്ധിമൂലം മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി യാതൊരു പദ്ധതിയും ഉൾക്കൊള്ളിക്കാത്ത സർക്കാർ നിലപാട് വഞ്ചനാപരമാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പുതിയ എസ്റ്റിമേറ്റനുസരിച്ച് കുഴൽമന്ദം സ്കൂൾ കെട്ടിടനിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുകയും വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ നവീകരിക്കുന്നതിനായി പുതിയ സ്കീം നടപ്പാക്കുന്നതുമാണ്. ബജറ്റ് രേഖകളിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള സൂചനയില്ലെന്ന വാദം നിരർത്ഥകമാണ്. മികച്ച സാമ്പത്തികവളർച്ച കൈവരിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. കോവിഡ് ചികിത്സാരംഗത്ത് കേരളം കൈവരിച്ച നേട്ടം പ്രശംസനീയമാണ്. സമസ്തമേഖലകളിലും കിഫ്ബി മുഖേന പാക്കേജുകൾ പ്രഖ്യാപിക്കാൻ സാധിച്ചിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിനും ക്ഷേമപെൻഷൻ വർദ്ധനയ്ക്കുമുള്ള ഉത്തരവ് ഉടൻതന്നെ ഇറക്കുന്നതാണ്. ഡി.പി.ആർ. നടപടികൾ അന്തിമഘട്ടത്തിലെത്തിയ 21 നദികളുടെ ശുചീകരണപ്രവൃത്തികൾ അംഗീകൃത പന്ത്രണ്ടിന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതാണ്. യു.ജി.സി. അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം 2021 ഫെബ്രുവരി ഒന്നുമുതൽ നടപ്പാക്കുകയും കുടിശ്ശിക പി.എഫ്-ൽ ലയിപ്പിക്കുകയും യു.ജി.സി. പെൻഷൻ പരിഷ്കരണത്തിലുള്ള അനോമലി സമയബന്ധിതമായി പരിഹരിക്കുന്നതുമാണ്. അങ്കണവാടി വർക്കർമാരുടെ പ്രതിമാസ പെൻഷൻ

2500 രൂപയായി ഉയർത്തുന്നതും സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്കും ആയമാർക്കും 1000 രൂപ വീതം നൽകുന്നതുമാണ്. ആചാരസ്ഥാനീയർ, കോലധാരികൾ എന്നിവരുടെ പ്രതിമാസ വേതനം പരിഷ്കരിക്കുന്നതാണ്. അനുബന്ധ മത്സ്യത്തൊഴിലാളിക്ഷേമത്തിനായി 10 കോടി രൂപ വകയിരുത്തുന്നു. ഖാദി മേഖലയ്ക്ക് അനുവദിച്ച വിഹിതം 20 കോടി രൂപയായി ഉയർത്തുന്നതും കുടിശ്ശിക, ക്ഷേമനിധി അംശദായം എന്നിവയുടെ ആദ്യഗഡു ഈ മാസം നൽകുന്നതുമാണ്. പ്രാദേശിക പത്രപ്രവർത്തകരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതാണ്. മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരിക്ക് കുമാരനല്ലൂരിൽ സ്മാരകം നിർമ്മിക്കുന്നതാണ്. തൃശ്ശൂർപൂരം, പുലിക്കളി എന്നിവയ്ക്ക് ടൂറിസം വകുപ്പുവഴി ധനസഹായം അനുവദിക്കുന്നതാണ്. പ്ലാന്റേഷൻ കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, നാളികേര വികസന കോർപ്പറേഷൻ എന്നിവ പുനഃസംഘടിപ്പിക്കുകയും പുതിയ മുനിസിപ്പാലിറ്റികൾക്ക് ആസ്ഥാനമന്ദിരം പണിയുന്നതിന് എസ്റ്റിമേറ്റ് തുകയുടെ 50 ശതമാനം അധിക ധനസഹായം നൽകുന്നതുമാണ്. ഇ. ബാലാനന്ദൻ പഠന കേന്ദ്രം, നിള ഫെസ്റ്റ് എന്നിവയ്ക്ക് 50 ലക്ഷം രൂപ വീതവും പൊന്നാനിയിലെ മഖ്ദൂം സ്മാരകനിർമ്മാണത്തിന് 50 ലക്ഷം രൂപയും അനുവദിക്കുന്നതാണ്. കാഞ്ഞിരപ്പള്ളി കുന്നുംഭാഗം

സ്പോർട്സ് സ്കൂൾ, ആനാവൂർ ഹയർ സെക്കണ്ടറി സ്കൂൾ, സെന്റ് മൈക്കിൾസ് കോളേജ് എന്നിവയ്ക്ക് സ്റ്റേഡിയം നിർമ്മിക്കുന്നതാണ്. നാഷണൽ കോസ്റ്റൽ റോവിംഗ് അക്കാദമി ആലപ്പുഴയിൽ സ്ഥാപിക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കും. ടൂറിസ്റ്റ് മോട്ടോർ ക്യാബുകളുടെ വാഹന നികുതി കുടിശ്ശിക 10 ദ്വൈമാസ ഗഡുക്കളായി അടയ്ക്കാനുള്ള അനുവാദം നൽകുന്നതാണ്. സ്വകാര്യ കശുവണ്ടി മേഖലയ്ക്ക് പലിശ സബ്സിഡി വായ്പാ പാക്കേജ് തുടരുന്നതാണ്. പൊഴിയൂർ ഫിഷിംഗ് ഹാർബർ നിർമ്മാണം 2021-22-ൽ ആരംഭിക്കുന്നതാണ്. കേരള വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള കുടിശ്ശികയുടെ ഒരുഭാഗം ബജറ്റിൽനിന്നും നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## VIII പ്രമേയം

### ചട്ടം 236 (2) സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): "നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 142 പ്രകാരം

ബഡ്ജറ്റിന്റെ പൊതുചർച്ചയുടെ അവസാനം ധനാഭ്യർത്ഥനകൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കും റിപ്പോർട്ടിനുംവേണ്ടി അയയ്ക്കപ്പെടുമെന്നും ചട്ടം 236-ന്റെ (2)-ാം ഉപചട്ടപ്രകാരം പൊതുചർച്ച അവസാനിച്ച തീയതി മുതൽ നാലാഴ്ചയിൽ കവിയാത്ത കാലാവധിക്കുള്ളിൽ സബ്ജക്ട് കമ്മിറ്റികൾ എല്ലാ ധനാഭ്യർത്ഥനകളുടെയും സൂക്ഷ്മപരിശോധന പൂർത്തിയാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭരണഘടന വ്യവസ്ഥയനുസരിച്ച് കാലാവധി പൂർത്തിയാക്കി പിരിഞ്ഞുപോകുന്ന സഭ, വരുംവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുന്നതിൽ അപാകതയുണ്ട്. ആയതിനാൽ പ്രായോഗികതയ്ക്കുവേണ്ടി 236-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടം അടുത്ത നിയമസഭയിൽ രൂപീകരിക്കുന്ന സബ്ജക്ട് കമ്മിറ്റികൾ ധനാഭ്യർത്ഥനകളുടെ പരിശോധന പൂർത്തിയാക്കുന്നതുവരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 4.39-ന് പിരിഞ്ഞു.